# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 259 — 07.02.2018 -ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ. ബാബു<br>ശ്രീ. എം. സ്വരാജ് | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്.സി.ഇ.ആർ.ടി., സീമാറ്റ്, ഐ.ടി@സ്കൂൾ എന്നിവയെ പുനഃസംഘടിപ്പിച്ച് ശാക്തീകരിക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ ; | എ) ഐ.ടി.@ സ്കൂൾ പ്രോജക്ടിനെ കേരള ഇൻഫ്രാസ്ട്രക്ചർ ആൻറ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഒരു സർക്കാർ കമ്പനിയായി മാറ്റിയിട്ടുണ്ട്. 2013 ലെ കമ്പനീസ് ആക്ട് സെക്ഷൻ 8 അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കമ്പനിയാണ് കൈറ്റ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി, വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി എന്നിവ കൈറ്റിന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കിവരുന്നത്.<br>എസ്.സി.ഇ.ആർ.ടി.യുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കി ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിനു വിധേയമാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഫാക്കൽറ്റി ഇംപ്രൂവ്മെൻറ് പരിപാടികൾ സംഘടിപ്പിച്ച് വരുന്നതോടൊപ്പം ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുടെയും അനുഭവ പരിചയത്തിന്റെയും അടിസ്ഥാനത്തിൽ അവശ്യം വേണ്ട ഫാക്കൽറ്റി അംഗങ്ങളെ ഡെപ്യൂട്ടേഷനിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും ഗസ്റ്റ് ഹൗസിന്റെയും പരിശീലനകേന്ദ്രത്തിന്റെയും പ്രവർത്തനങ്ങൾ മികവുറ്റതാക്കുകയും ചെയ്തിട്ടുണ്ട്.<br>പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിന് സഹായകമാകുംവിധം മാനേജ്മെൻറ് പരിശീലനം നൽകൽ, മികച്ച അനുഭവങ്ങൾ പങ്കിടുന്നതിനുള്ള വേദിയൊരുക്കൽ, ഡോക്യുമെന്റേഷൻ, |

അവലോകനം നടത്തൽ, നിർവ്വഹണ ഫലപ്രാപ്തി പഠനം എന്നിവ സീമാറ്റ് കേരളയുടെ മേൽ നോട്ടത്തിലാണ് നടത്തിവരുന്നത്.

ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഠന-ബോധന സാമഗ്രികൾ വികസിപ്പിക്കൽ, അധ്യാപക വിദ്യാഭ്യാസം, ഐ.സി.റ്റി. മെറ്റീരിയലുകൾ വികസിപ്പിക്കൽ തുടങ്ങിയ മേഖലകളിൽ എസ്.സി.ഇ.ആർ.ടി. നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

ബി) ഐ.സി.റ്റി അധിഷ്ഠിതമായ പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിന് കൈറ്റ് ന്റെ സഹകരണത്തോടെ 'സമഗ്ര'എന്ന ലേണിംഗ് റിസോഴ്സ് വെബ് പോർട്ടലിന് രൂപം നൽകി. ഡിജിറ്റൽ റിസോഴ്സുകൾ തയ്യാറാക്കി സേവനം നൽകി വരുന്നത് എസ്.സി.ഇ.ആർ.ടി മുഖാന്തിരമാണ്. അതോടൊപ്പം നിലവിലെ പാഠ പുസ്തകങ്ങൾ സമഗ്രമായി വിശകലനം നടത്തി പിഴവുകൾ പരിഹരിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ നടത്തിപ്പിനായി മാർഗരേഖകൾ വികസിപ്പിച്ചതോടൊപ്പം ഇതിനായി വിവിധ ശില്പശാലകൾ സംഘടിപ്പിക്കുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പരിശീലന പരിപാടികൾക്കും എസ്.സി.ഇ.ആർ.ടി നേതൃത്വം നൽകി വരുന്നു. അതോടൊപ്പം സംസ്ഥാന വ്യാപകമായി രക്ഷകർത്തൃബോധവൽക്കരണം സംഘടിപ്പിക്കുന്നതിന് മൊഡ്യൂൾ വികസിപ്പിക്കുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ നടത്തുന്ന അക്കാദമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നത് എസ്.സി.ഇ.ആർ.ടി മുഖാന്തിരമാണ്.

സി) ഐ.ടി@സ്കൂളിനെ കൈറ്റ് എന്ന പേരിൽ സർക്കാർ കമ്പനിയായി പുനഃസംഘടിപ്പിച്ചത് വഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സി) വിദ്യാഭ്യാസ മേഖലയിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം നടപ്പിലാക്കുക, ഇതിനായി ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലേയ്ക്ക് ആവശ്യമായ ഐ.സി.ടി. പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിന് എസ്.സി.ഇ.ആർ.ടി.യ്ക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുക, വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കൈറ്റിന്റെ നേതൃത്വത്തിൽ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ